**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 4635 | 04.02.2014-ൽ മറുപടിയ്ക്ക്

**തങ്കളം - കാക്കനാട് റോഡ് നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.യു. കുരുവിള | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് **(പൊതുമരാമത്ത് വകുപ്പ് മന്ത്രി)** |
| (എ) എറണാകുളം ജില്ലയിലെ തങ്കളം - കാക്കനാട് റോഡിന്റെ നിർമ്മാണം & സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) നിർദ്ദിഷ്ട റോഡ് എറണാകുളം - തേക്കടി റോഡിൽ കാക്കനാട് മുതൽ മനയ്ക്കക്കടവ് വരെയും (7 കി.മീ) മനയ്ക്കക്കടവ് മുതൽ തങ്കളം (0/000 - 27/314 കി.മീ) വരെയുമാണ്. ഇതിൽ ചെയിനേജ് 26/057 മുതൽ 27/199 വരെയുള്ള ഭാഗം മാത്രമേ ഭൂമി ലഭിച്ചിട്ടുള്ളു. ഈ ഭാഗത്ത് ബി.എം. & ബി.സി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള ശുപാർശ റവന്യൂ അധികാരികൾക്ക് നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ബി) ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | (ബി) |
| (സി) സ്ഥലം ഏറ്റെടുപ്പിനും റോഡ് നിർമ്മാണത്തിനും ആവശ്യമായ തുക നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദാംശം ലഭ്യമാക്കുമോ ? | (സി) ഭൂമി ഏറ്റെടുക്കൽ നടപടികൾ റവന്യൂ വകുപ്പ് പൂർത്തിയാക്കുന്ന മുറയ്ക്ക് ഇതിനായി ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 5 കോടി രൂപയുടെ ഭരണാനുമതി ഇതിനകം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ